**Circular No. 146**
Reception to
Rev.Msgr.Simon
Kaipuram CM
Bishop of Balasore

Catholic Metropolitanís House
P.B. No. 71, Kottayam -686 001
Kerala, India

Date: 16 - 01 - 2014

പ്രിയ ബഹു. അച്ചാ,

നമ്മുടെ അതിരൂപതയിലെ കണ്ണങ്കര ഇടവകയിൽപ്പെട്ട കായിപ്പുറം ബഹു. സൈമണച്ചനെ ബാലസോർ രൂപതയുടെ മെത്രാനായി തിരഞ്ഞെടുത്ത വിവരം ഇതിനോടകം അറിഞ്ഞിരിക്കുമല്ലൊ. അദ്ദേഹത്തിന്റെ മെത്രാഭിഷേകം 2014 ജനുവരി 30-ാം തീയതി ബാലസോറിലെ ക്രിസ്തുരാജ കത്തീഡ്രലിൽ വച്ച് നടക്കുകയാണ്. നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ബഹു. സൈമണച്ചന്റെ സ്ഥാന ലബ്ധി അത്യന്തം സന്തോഷകരവും അഭിമാനകരവുമാണ്. മെത്രാഭിഷേക ചടങ്ങുകളിൽ നിങ്ങളുടെ പ്രതിനിധിയായി ഞാൻ പങ്കെടുക്കുന്നതാണ്. നിങ്ങളുടെ പ്രാർത്ഥനകൾ അദ്ദേഹത്തിന്റെ ഇടയശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും.

നവാഭിഷിക്തനായി ആദ്യമായി മാതൃ അതിരൂപതയിലെത്തുന്ന മോൺ. സൈമൺ കായിപ്പുറം പിതാവിനും നമ്മുടെ മറ്റു മിഷനറി മെത്രാന്മാരായ ആർച്ചു ബിഷപ്പ് അബ്രാഹം വിരുത്തിക്കുളങ്ങര, ബിഷപ്പ് ജോർജ്ജ് പള്ളിപ്പറമ്പിൽ, ബിഷപ്പ് ജയിംസ് തോപ്പിൽ എന്നിവർക്കും ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് 2014 ഫെബ്രുവരി 4-ാം തീയതി രാവിലെ 11 മണിക്ക് ഔദ്യോഗിക സ്വീകരണം നൽകുന്നതാണ്. ഈ സ്നേഹ കൂട്ടായ്മയിൽ അതിരൂപതയിലെ എല്ലാ വൈദികരേയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേയും പ്രത്യേകം ക്ഷണിക്കുന്നു. ഈ അവസരത്തിൽ നമ്മുടെ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവും മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണ്.

ഒഡീഷയിലെ ബാലസോർ രൂപതയ്ക്കുവേണ്ടിയും ഈ രൂപതയിൽ നിന്നും മെത്രാനായി നിയമിതനായിരിക്കുന്ന മാർ സൈമൺ കായിപ്പുറത്തിനുവേണ്ടിയും അദ്ദേഹത്തിന്റെ മെത്രാഭിഷേക ദിനമായ ജനുവരി 30-ാം തീയതി വി. കുർബാന മധ്യേ നമുക്കു പ്രാർത്ഥിക്കാം. തുടർന്നും വിവിധ മിഷൻ രൂപതകൾക്ക് നേതൃത്വം നൽകുന്ന നമ്മുടെ പ്രിയപ്പെട്ട മെത്രാന്മാരെ നമുക്കു പ്രാർത്ഥനയിൽ സമർപ്പിക്കാം.

ക്നാനായ കത്തോലിക്കാ സമൂഹത്തിൽ നിന്ന് ഒരു മെത്രാനെ കൂടി നൽകിയതിന് പരമകാരുണികനായ ദൈവത്തിന് കൃതജ്ഞത അർപ്പിച്ചുകൊണ്ട്, പ്രാർത്ഥനാശംസകളോടെ,

സ്നേഹപൂർവ്വം

**✠ മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത